## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1576** **5.12.2014-ൽ മറുപടിക്ക്**

### സംസ്ഥാന ശുചിത്വമാസ ക്യാമ്പയിൻ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി എം തോമസ് ഐസക് | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) 2014 ഒക്ടോബർ രണ്ട് മുതൽ നവംബർ ഒന്നു വരെ സംസ്ഥാന ശുചിത്വമാസമായി ക്യാമ്പയിൻ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ; | (എ) ഉണ്ടായിരുന്നു. |
| (ബി) ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് കേരള നിയമസഭയിലെ പ്രതിപക്ഷനേതൃസ്ഥാനത്തുള്ള ആരെയെല്ലാം പങ്കെടുപ്പിക്കുകയുണ്ടായി; | (ബി) ഈ പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനത്തിന് നിയമസഭാ പ്രതിപക്ഷ നേതാവിനെ ക്ഷണിച്ചിരുന്നെങ്കിലും, പ്രസ്തുത ദിവസം അദ്ദേഹം സ്ഥലത്തു ണ്ടാകില്ല എന്ന് അറിയിച്ചിരുന്നു. |
| സി) ഈ പരിപാടിയുടെ ഉദ്ഘാടന ദിവസത്തെ പരസ്യ ചാർജ്ജ് ഉൾപ്പെടെ മൊത്തം പരസ്യച്ചെലവ് എത്ര കോടിയായിരുന്നു; | സി) ഈ പരിപാടിയുടെ ഉദ്ഘാടന ദിവ സത്തെ പരസ്യച്ചെലവ് ഉൾപ്പെടെ മൊത്തം പരസ്യച്ചെലവ് 0.20 കോടി രൂപയാണ്. |
| ഡി) ഈ പരിപാടിക്ക് വേണ്ടി ചെലവാക്കിയ മൊത്തം തുക എത്ര; ഇനം തിരിച്ച് വിശദമാക്കാമോ ; | ഡി) ഈ പരിപാടിയ്ക്ക് വേണ്ടി നാളിതുവരെ ചെലവാക്കിയിട്ടുള്ളത് 9261362 രൂപയാ ണ്. ഇനം തിരിച്ച് വിവരം അനുബന്ധമായി ചേർക്കുന്നു. |
| ഇ) പ്രസ്താവനകൾക്കും പരസ്യങ്ങൾക്കും അപ്പുറത്ത് ക്യാമ്പയിൻ വിജയിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി എന്തായിരുന്നു; ഈ പരിപാടിക്ക് പൊതുസമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സംസ്ഥാനതല യോഗം സർക്കാർ വിളിച്ചുചേർക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ ? | ഇ) ആരോഗ്യം, ശുചിത്വം മേഖലകളിൽ സംസ്ഥാനം നാളിതുവരെ നേടിയ നേട്ട ങ്ങൾ സ്ഥായിയായി നിലനിർത്തുക, എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കുക, മാലിന്യ സംസ്ക രണ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രതിസന്ധി പൊതു ജനപങ്കാളിത്ത ത്തോടെ പരിഹരിക്കുക എന്നീ ലക്ഷ്യ ങ്ങളോടെ, കാമ്പയിന്റെ പ്രധാന പ്രമേയ ങ്ങളും അതുപോലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ട പ്രധാന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചും സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രാരംഭ പ്രവർത്ത നങ്ങൾ, ഉദ്ഘാടനങ്ങൾ, |

സ്കൂൾ/കോളേജ് തല പരിപാടികൾ, കുടുംബശ്രീ/തൊഴിലുറപ്പ് പദ്ധതി പരിപാടികൾ, അങ്കണവാടിതല പരിപാടികൾ, സ്വാപ്മേളകൾ, സ്ഥാപന ശുചിത്വ പരിപാടികൾ, ശുചിത്വ മേള, സാംസ്കാരിക പരിപാടികൾ, കുട്ടികൾക്കു വേണ്ടിയുള്ള മത്സരങ്ങൾ മുതലായവ പ്രധാന പരിപാടികളായി കർമ പദ്ധതിയിൽ ചേർത്തിരുന്നു. ഈ പരിപാടി വിജയിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ ബന്ധപ്പെട്ട വകുപ്പ് അധ്യക്ഷന്മാർ, ജില്ല- ബ്ളോക്ക് ഗ്രാമ പഞ്ചായത്ത്, നഗരസഭാ തല അസോസിയേഷൻ ഭാരവാഹികൾ, സ്കൂൾ/കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്, എസ്.പി.സി. പോലുള്ള സംഘടനകളുടെ സംസ്ഥാന തല മേധാവികൾ, പത്ര പ്രവർത്തകർ എന്നിവരുടെ യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ഇനം | ചെലവ് തുക (രൂപയിൽ) |
|---|---|---|
| | പരസ്യച്ചെലവ് | 2023608 |
| | വിവര വിദ്യാഭ്യാസ വ്യാപന മെറ്റീരിയൽസ് | 1021718 |
| | വിവര വിദ്യാഭ്യാസ റെയിൽവേ അനൗൺസ്മെന്റ് (റെയിൽവേ ജിങ്കിൾ) | 4440000 |
| | പരിശീലനങ്ങൾ | 706534 |
| | പൊതുജനസമ്പർക്കപരിപാടി | 742141 |
| | മറ്റ് ചെലവുകൾ (ഉദ്ഘാടനം അടക്കം) | 327361 |
| | ആകെ രൂപ | 9261362 |

സെക്ഷൻ ഓഫീസർ